# സാഹിത്യനിരൂപണത്തിന്റെ ദ്രാവിഡമുഖം

## സിദ്ധാന്തവും പ്രയോഗവും

**ഡോ. എം. കൃഷ്ണൻ നമ്പൂതിരി**
പ്രൊഫസർ, എസ്.എസ്.യു.എസ്., കാലടി

ദേശകാലബദ്ധമായ ഏതൊരാഖ്യാനരൂപത്തെയും വിശകലനം ചെയ്തു മൂല്യനിർണ്ണയം ചെയ്യാൻ പോരുന്ന ചില മാനദണ്ഡങ്ങൾ അവതരിപ്പിക്കുന്നുണ്ട്, ദ്രാവിഡീയമായ തിണസങ്കല്പം. ക്രിസ്തുവിനു മുമ്പു രൂപപ്പെട്ട ഒരു ലാവണ്യശാസ്ത്രപദ്ധതി കാലികമായ നവീകരണത്തിലൂടെ സമകാലികമായ സൗന്ദര്യശാസ്ത്ര സിദ്ധാന്തമായി മാറുന്നതിന്റെ സാധ്യതകൾ ഡോ. കെ. അയ്യപ്പപ്പണിക്കർ വ്യക്തമാക്കിയിട്ടുണ്ട് (ഇന്ത്യൻ സാഹിത്യസിദ്ധാന്തം: പ്രസക്തിയും സാധ്യതയും). ഏതൊരു സിദ്ധാന്തവും നവീകരണത്തിനു വിധേയമായി പരിണമിച്ച് അതിന്റെ പ്രയോഗക്ഷമത തെളിയിക്കുമ്പോഴേ ജൈവികമാകുന്നുള്ളു. അത്തരം ജൈവികത അവകാശപ്പെടാവുന്ന ഒരു സൗന്ദര്യശാസ്ത്രമാണ് തൊൽക്കാപ്പിയത്തിലെ പൊരുളതികാരം ഉൾക്കൊള്ളുന്നത്. ചൊല്ലതികാരം, എഴുത്തതികാരം, പൊരുളതികാരം എന്നിങ്ങനെ മൂന്നു ഖണ്ഡങ്ങളിലായി ദ്രാവിഡഭാഷയുടെയും വ്യാകരണത്തിന്റെയും സാഹിത്യസങ്കല്പങ്ങളുടെയും പ്രമാണസങ്കല്പങ്ങൾ അവതരിപ്പിക്കുന്ന തൊൽക്കാപ്പിയം ദക്ഷിണേന്ത്യൻ ഭാഷകളുടെ പൊതുസ്വത്തായി കരുതാവുന്നതാണ്.

തൊൽക്കാപ്പിയത്തിൽ പൊരുളതികാരത്തിലാണ് സാഹിത്യസംബന്ധമായ മൗലികദർശനങ്ങൾ ആവിഷ്കൃതമായിട്ടുള്ളത്. കാവ്യവിഷയം, രസം, അലങ്കാരം, വൃത്തം എന്നിങ്ങനെ സാഹിത്യസംബന്ധമായ ഘടകങ്ങൾ ഏതളവിൽ, എപ്രകാരം രചനാവിശേഷങ്ങളിൽ കാണപ്പെടുന്നു എന്നു വിശദമാക്കി, ലാവണ്യശാസ്ത്രപരമായ ഉപദർശനങ്ങൾ അവതരിപ്പിക്കുകയാണ് പൊരുളതികാരം. കവിതയുടെ വിഷയം അഥവാ പ്രമേയം മുൻനിർത്തിയുള്ള അകം/പുറം വിഭജനം (അകംകവിത/പുറംകവിത), കാവ്യത്തിനു പശ്ചാത്തലമായിട്ടുള്ള

ഭൂപ്രകൃതി അടിസ്ഥാനമാക്കിയുള്ള തിണ വിഭജനം (ഐന്തിണകൾ), ആഖ്യാനത്തിലെ ദേശകാലഭാവ ഘടകങ്ങൾ ഉൾക്കൊള്ളുന്ന മുതൽ/കരു/ഉരിപ്പൊരുളുകളുടെ വിശകലനം, എന്നിവയിലെല്ലാം സാഹിത്യപാഠത്തെ അതിന്റെ ജൈവസാകല്യതയിൽ അപഗ്രഥിക്കുന്ന ഒരു സൗന്ദര്യശാസ്ത്രകാരനെയാണ് കാണാനാവുക. ആധുനികാനന്തര കാലഘട്ടത്തിൽ ശ്രദ്ധേയമായ പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെ അടിസ്ഥാന സങ്കല്പങ്ങളെല്ലാം പ്രാചീനമായ തിണസങ്കല്പത്തിൽ ഉള്ളടങ്ങുന്നുണ്ടെന്ന് അയ്യപ്പപ്പണിക്കർ നിരീക്ഷിച്ചതും ഈ അർത്ഥത്തിലാണ്.

ഒരു സാഹിത്യപാഠം നിർമ്മിച്ചെടുക്കുന്നതിൽ കാലഘട്ടം, സമൂഹം, ദേശം, വർഗ്ഗം തുടങ്ങിയ ഘടകങ്ങൾക്കുള്ള പ്രാധാന്യം ഹിപ്പൊലൈറ്റ് ടെയ്നിന്റെ മില്യുസിദ്ധാന്തവും അടിവരയിട്ടു പറയുന്നുണ്ട്. മാർക്സിയൻ സൗന്ദര്യദർശനം മുന്നോട്ടുവയ്ക്കുന്ന സാഹിത്യവീക്ഷണവും കാലദേശാവസ്ഥകളോടു ബന്ധപ്പെട്ടുതന്നെയാണ്. നവീനമായ പ്രാദേശികചരിത്ര വിജ്ഞാനത്തിന്റെയും സംസ്കാരപഠനത്തിന്റെയും ഉപദർശനങ്ങളും സാഹിത്യകൃതിയിലെ ദേശകാലപരിതോവസ്ഥകളെ സ്പർശിക്കുന്നുണ്ട്. മറ്റൊരുതരത്തിൽ പറഞ്ഞാൽ തിണസങ്കല്പം മുന്നോട്ടുവയ്ക്കുന്ന സ്ഥലകാലസാമൂഹിക വിശകലനത്തിന്റെ രീതിശാസ്ത്രം, ആധുനിക ആധുനികാനന്തര സാഹിത്യാപഗ്രഥന സമ്പ്രദായങ്ങളിൽ കണ്ടെടുക്കാനാകുമെന്നു ചുരുക്കം. തൊൽക്കാപ്പിയ വിധിപ്രകാരം മുതൽപ്പൊരുൾ, കരുപ്പൊരുൾ, ഉരിപ്പൊരുൾ എന്നിങ്ങനെ മൂന്നു പൊരുളുകളുടെ സഹിതത്വമാണ് സാഹിത്യത്തെ രൂപഭാവസുന്ദരമായ ശില്പമാക്കിത്തീർക്കുന്നത്. ഓരോ തിണയ്ക്കും അതിന്റെ മാത്രമായ മുതൽ, കരു, ഉരിപ്പൊരുളുകൾ ഉണ്ടായിരിക്കും. അവ യഥായോഗ്യം ആവിഷ്കരിക്കുമ്പോഴാണ് കാവ്യം ആസ്വാദ്യമാകുന്നത്; രസിക്കപ്പെടുന്നത്. ഭരതന്റെ 'വിഭാവാനുഭാവവ്യഭിചാരി സംയോഗാദ്രസനിഷ്പത്തി:' എന്ന രസസൂത്രത്തിന്റെ അർത്ഥം തന്നെയാണ് പൊരുളുകളുടെ സംയോഗം കൊണ്ടും വിവക്ഷിക്കുന്നത്.

ഭൂപ്രകൃതി സവിശേഷതകളുടെ അടിസ്ഥാനത്തിൽ തൊൽക്കാപ്പിയർ ദ്രാവിഡദേശത്തെ അഞ്ചു തിണകളായി വിഭജിച്ചിരിക്കുന്നു; മുല്ലൈ, കുറിഞ്ചി, പാലൈ, മരുതം, നെയ്തൽ എന്നിങ്ങനെ. ഓരോ തിണയ്ക്കും വെവ്വേറെ മുതൽ, കരു, ഉരിപ്പൊരുളുകളും കണ്ടെത്തി നൽകിയിരിക്കുന്നു. തിണജീവിതമാണ് ഏതു കൃതിയുടെയും ആവിഷ്കൃതം. തിണയ്ക്കു ചേരുന്ന വിധത്തിൽ പ്രകൃതിയും കാലവും ഉണ്ടായിരിക്കും. കഥ നടക്കുന്നതിനാസ്പദമായ സ്ഥലവും കാലവും - എവിടെ? എപ്പോൾ? എന്നതിന്റെ വിശദാംശമായി വരുന്ന ദേശകാലങ്ങൾ - അതാണ്

മുതൽപ്പൊരുൾ. സ്ഥലകാലബദ്ധമായ ജീവിതത്തെ ഒരു സാംസ്കാരിക ഏകകമാക്കിത്തീർക്കുന്ന തരത്തിലുള്ള അനേകമനേകം ഘടകങ്ങൾ (കരുപ്പൊരുൾ) ഒരോ തിണയിലും സമാഹൃതമായിരിക്കും. ദേശത്തിന്റെയും സമൂഹത്തിന്റെയും ജീവിതത്തിന്റെയും അടിസ്ഥാന മുദ്രകളായി പരിഗണിക്കാവുന്ന എന്തും കരുപ്പൊരുളിൽ പെടുത്താവുന്നതാണ്. സ്ഥലകാലബദ്ധമായ ജീവിതാവിഷ്കാരത്തിൽ ജീവത്തായിരിക്കുന്ന ഭാവരാശികളെ കുറിക്കുകയാണ് ഉരിപ്പൊരുൾ. ചുരുക്കത്തിൽ, സ്ഥലകാലബദ്ധമായ (മുതൽപ്പൊരുൾ) പാരിസ്ഥിതിക ജീവിതത്തെ (കരുപ്പൊരുൾ) ഭാവസാന്ദ്രതയോടെ (ഉരിപ്പൊരുൾ) ആവിഷ്കരിക്കുകയാണ് സാഹിത്യം എന്നൊരു നിർവ്വചനത്തിലേക്കാണ് തൊൽക്കാപ്പിയത്തിലെ തിണസങ്കല്പം എത്തിച്ചേരുന്നത്.

### മുതൽപ്പൊരുൾ

സ്ഥലത്തിന്റെ/പ്രാദേശികതയുടെ അടിസ്ഥാനത്തിൽ കാടും മലയും മരുഭൂമിയും കൃഷിയിടങ്ങളും കടലോരദേശങ്ങളും കഥാഖ്യാനത്തിനു പശ്ചാത്തലമാകാം. കാട്ടുപ്രദേശമാണെങ്കിൽ മുല്ലൈ തിണയും മലമ്പ്രദേശമാണെങ്കിൽ കുറിഞ്ചിത്തിണയും മരുഭൂപ്രദേശമാണെങ്കിൽ പാലൈത്തിണയും കൃഷിയോഗ്യമായ നാട്ടുപ്രദേശത്തിന് മരുതംതിണയും കടൽത്തീരപ്രദേശത്തിന് നെയ്തൽത്തിണയും എന്നിങ്ങനെ ഐന്തിണകൾ പൊരുളതികാരം നിർദ്ദേശിക്കുന്നു. കാലസങ്കല്പത്തിൽ വരുന്നത് കൊല്ലക്കണക്കിന്റെ (yearly) ആംശികങ്ങളായ ഋതുക്കളോ മാസങ്ങളോ ആകാം. ദിവസഗണനയിലാണെങ്കിൽ പ്രഭാതം, മധ്യാഹ്നം, സായാഹ്നം, രാത്രി തുടങ്ങിയ സമയസൂചനകളും വരും. ഓരോ തിണയെയും അടയാളപ്പെടുത്തും വിധം സ്ഥലവും കാലവും ഉണ്ടാകുമെന്ന് മുതൽപ്പൊരുൾ അനുശാസിക്കുന്നു.

### കരുപ്പൊരുൾ

സ്ഥലകാലബദ്ധമായ തിണയെ അടയാളപ്പെടുത്തുന്ന പ്രകൃതിവിഭവങ്ങളുടെയും സാംസ്കരിക ഘടകങ്ങളുടെയും സമാഹാരമാണ് കരുപ്പൊരുൾ. ഒരു പ്രദേശത്തെ മനുഷ്യവിഭാഗം അവരുടെ തൊഴിൽ, ആചാരവിശ്വാസങ്ങൾ, ഭക്ഷണവസ്ത്രധാരണരീതികൾ, വിനോദോപാധികൾ, ആ പ്രദേശത്തു കണ്ടുവരുന്ന പക്ഷിമൃഗാദികൾ, വൃക്ഷലതാദികൾ, സ്ഥാപനങ്ങൾ എന്നിങ്ങനെ ദേശത്തനിമ വെളിവാക്കുന്ന സവിശേഷഘടകങ്ങൾ എന്തും കരുപ്പൊരുളിൽ വരാവുന്നതാണ്. ഒരു ദേശത്തെ സാമൂഹികജീവിതം കരുപ്പിടിപ്പിക്കുന്ന ഈ സാംസ്കാരിക ഘടകങ്ങൾ സാഹിത്യാഖ്യാനത്തിൽ നിർണ്ണായകമാകുന്നു.

ഉരിപ്പൊരുൾ

തിണയ്ക്കു ബാധകമാകുന്ന സവിശേഷ ഭാവങ്ങളെയാണ് ഉരിപ്പൊരുളിൽ വിശദീകരിക്കുന്നത്. തൊൽക്കാപ്പിയക്കാരന്റെ ഭാവസങ്കല്പത്തെ വിപുലമായ അർത്ഥത്തിൽ, ലാക്ഷണികമായി വേണം മനസ്സിലാക്കാൻ. ഭാവവൈവിധ്യങ്ങളിൽ ചിലതിന് അംഗിസ്ഥാനവും മറ്റുള്ളവയ്ക്ക് അംഗസ്ഥാനവും എന്ന അർത്ഥമാണു നല്കേണ്ടത്. ഇരുത്തൽ (കാത്തിരിപ്പ്), പുണർതൽ (സംയോഗം, ചേർച്ച), പിരിതൽ (വിപ്രയോഗം, വേർപാട്), ഊടൽ (ശൃംഗാരം), ഇരങ്കൽ (കരുണം, വിലാപം) എന്നിങ്ങനെ ഓരോ ഉരിയവസ്ഥകൾ ഓരോ തിണയിലും പ്രധാനമാകാം. തിണയിലെ ജീവിതാനുഭവങ്ങളുടെ കേന്ദ്രീകരണം എന്ന നിലയിലേ ഉരിയവസ്ഥകളെ പരിഗണിക്കേണ്ടതുള്ളൂ.

ഏതു സർഗ്ഗാത്മക കൃതിയും മേല്പറഞ്ഞ മൂന്നു പൊരുളുകളുടെ സമാകലനത്തിലൂടെയാണു രൂപം കൊള്ളുന്നത്. കവി പൊരുളുകളുടെ ഉദ്ഗ്രഥിതസത്ത കൃതിയിൽ ആവിഷ്കരിക്കുന്നു. സൗന്ദര്യശാസ്ത്രകാരനാകട്ടെ പൊരുളുകളെ അപഗ്രഥിച്ചു കൃതിയുടെ സത്ത നിർദ്ധാരണം ചെയ്യുന്നു.

2

തൊൽക്കാപ്പിയർ അദ്ദേഹത്തിന്റെ കാലത്തെ (BC) ഭൂപ്രകൃതിയും ജീവിതവും കൃതികളും മുൻനിർത്തി നടത്തിയിട്ടുള്ള സൈദ്ധാന്തിക കല്പനകൾ, ലോകവും കാലവും ജീവിതവും മാറിമറിഞ്ഞ സാഹചര്യത്തിൽ വിപുലീകരിച്ചും പരിഷ്കരിച്ചും നവീകരിച്ചും ഉപയോഗിക്കേണ്ടതാണെന്ന് അയ്യപ്പപ്പണിക്കർ (ഇന്ത്യൻ സാഹിത്യ സിദ്ധാന്തം: പ്രസക്തിയും സാധ്യതയും) നിർദ്ദേശിക്കുന്നുണ്ട്. കോളനിവത്കരണത്തിന്റെയും ആധുനികീകരണത്തിന്റെയും ഉത്തരാധുനികാവസ്ഥകളുടെയും കാലപരിണതികളിൽ തിണകൾക്കു സംഭവിച്ചിട്ടുള്ള (ലോകപശ്ചാത്തലത്തിൽത്തന്നെ) പരിണതികളും ചിന്തിക്കേണ്ടതാണ്. സമകാലിക സാഹചര്യത്തിൽ 'സൈബർ തിണ'പോലെ പുതിയ തിണകൾ തന്നെ രൂപപ്പെട്ടുവന്നിട്ടുണ്ട്. നവസാങ്കേതികവിദ്യയും വിവരവിജ്ഞാന മേഖലകളും സൃഷ്ടിച്ച ഉത്തരാധുനിക ആഗോളവത്കൃത ജീവിത സംസ്കാരം ഇന്നത്തെ കഥയും നോവലും പ്രതിഫലിപ്പിക്കുന്നുണ്ട്. കാലം, പ്രകൃതി, ജീവിതം, ദർശനം, മൂല്യബോധം എന്നിവയിലെല്ലാം വന്നുചേർന്ന മാറ്റങ്ങൾക്കനുസൃതമായി സാഹിത്യാവിഷ്കാരങ്ങളിലെ ആഖ്യാനസന്ദർഭങ്ങളും അതിന്റെ വ്യതിരിക്തത പ്രകടിപ്പിക്കുന്നു. ഈയൊരു പരിണാമം സാഹിത്യാപഗ്രഥന പദ്ധതികളെയും പുതുക്കിപ്പണിയുന്നുണ്ട്. പുതിയ

ലാവണ്യപദ്ധതികൾ രൂപപ്പെട്ടുവരികയും നിലവിലുള്ളവ സ്വയം നവീകരണത്തിലൂടെ കാലിക പ്രസക്തി വീണ്ടെടുക്കുകയും ചെയ്യുന്നുണ്ട്. പുതിയകൃതികളെ പഴയപൊരുളുകളിലൂടെ നോക്കിക്കാണാനുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്.

മലയാള കഥാസാഹിത്യത്തിൽ നവോത്ഥാനകാല എഴുത്തുകാർ എന്നു വിളികൊണ്ട തകഴി, ദേവ്, ബഷീർ, വർക്കി, കാരൂർ, പൊറ്റക്കാട് തുടങ്ങിയ കഥാകൃത്തുക്കൾ സാധാരണക്കാരുടെ അതിസാധാരണ ജീവിതത്തെ ആഖ്യാനതലത്തിലേക്കു കൊണ്ടുവന്നവരാണ്. നമ്മുടെ കഥാസാഹിത്യത്തിന്റെ വളർച്ചയിൽ ക്ലാസ്സിക്കൽ എന്നു വിവരിക്കാവുന്ന സുവർണ്ണകാലഘട്ടത്തെ പ്രതിനിധീകരിക്കുന്ന കഥാകൃത്തുക്കളായി നവോത്ഥാനകാല എഴുത്തുകാരെ എൻ.വി. കൃഷ്ണവാരിയർ (അവതാരിക, പൊൻകുന്നം വർക്കിയുടെ കഥകൾ) വിലയിരുത്തുന്നു.

തിണസങ്കല്പത്തിലെ മുതൽ/കരു/ഉരിപൊരുളുകളുടെ കൃത്യമായ അടയാളപ്പെടുത്തലുകൾ നടത്താവുന്ന വിധം നവോത്ഥോനകാലകഥ ഭൂപ്രകൃതി സവിശേഷതകളോടു ചേർന്നുനില്ക്കുന്നുണ്ട്. ഐന്തിണകളിൽ കാർഷിക സമൃദ്ധി വെളിവാക്കുന്ന മരുതം തിണയിൽ രൂപപ്പെടുന്ന ജീവിത സംസ്കാരമാണ് നവോത്ഥോനകാല കഥകളിൽ പൊതുവായി കാണപ്പെടുന്നത്. തകഴിയുടെയും പൊൻകുന്നം വർക്കിയുടെയും കഥകൾ പ്രത്യക്ഷത്തിൽത്തന്നെ മരുതനിലത്തിന്റെ ആഖ്യാനരൂപങ്ങളാകുന്നുണ്ട്. കാർഷികസംസ്കൃതിയിൽ രൂപപ്പെട്ടുവന്ന ജീവിതക്രമങ്ങളും സാമൂഹികവ്യസ്ഥിതികളുമാണ് നവോത്ഥാന കഥകളുടെ പ്രമേയഘടനയെ നിർണ്ണയിച്ചത്. കാർഷികമേഖല കരുപ്പിടിപ്പിച്ച നാട്ടിൻപുറത്തുകാരന്റെ ജീവിതവും പരിസ്ഥിതിസൗഹൃദപരമായ അവന്റെ ജീവിതദർശനവും ഇക്കാലത്തെ കഥകളിൽ സാർവ്വത്രികമായി. ജന്മിത്തത്തിൽ നിന്നു മുതലാളിത്തത്തിലേക്കുള്ള സാമ്പത്തികപരിണാമവും രാജഭരണ/ബ്രിട്ടീഷ് ഭരണക്രമത്തിൽനിന്നും സ്വതന്ത്രജനാധിപത്യഭരണത്തിലേക്കുള്ള രാഷ്ട്രീയപരിണാമവും നവോത്ഥോനകാല, ആധുനികപൂർവ്വ മലയാള കഥകളുടെ ഭാവതലം ഒരുക്കുന്നതിൽ വലിയ പങ്കുവഹിച്ചു.

## 3

നവോത്ഥാന കാഥികരിൽ തകഴി കഴിഞ്ഞാൽ മരുതംതിണയുടെ കഥാകാരൻ എന്ന പരിഗണന നല്കാവുന്ന കഥാകാരൻ പൊൻകുന്നം വർക്കിയാണ്. മധ്യതിരുവിതാംകൂറിന്റെ കിഴക്കൻ മലയോര ഗ്രാമീണ പ്രദേശമാണ് വർക്കിയുടെ കഥകൾക്കു വിളഭൂമി. അവിടെനിന്നും

കാർഷിക ജീവിതവും ഗ്രാമീണസംസ്കാരവും വിളയിച്ചെടുക്കുന്ന മരുതം കഥകളാണ് പൊൻകുന്നം വർക്കി ഏറെയും രചിച്ചിട്ടുള്ളത്. കുറിഞ്ചി, മുല്ല തിണകളോടു സഹവസിക്കുന്ന മരുതം തിണയാണ് വർക്കിയുടെ കഥകളിൽ കാണുന്നത്. തകഴിയുടെ കഥകളാകട്ടെ നെയ്തൽത്തിണ യോടു ചേർന്നുകിടക്കുന്ന മരുതത്തെയാണു പശ്ചാത്തലമാക്കുന്നത്.

മധ്യതിരുവിതാംകൂറിന്റെ മലനാടും ഇടനാടും ചേർന്നുവരുന്ന ഭൂപ്ര ദേശവും അവിടത്തെ ഋതു വൈവിധ്യങ്ങളും വർക്കിയുടെ കഥകളിൽ മുതൽപ്പൊരുളായി വരുന്നു. വയൽഭൂമിയും കരഭൂമിയും ഒരുപോലെ പ്രധാനമാകുന്നു വർക്കിയുടെ കഥകളിൽ. മാറിവരുന്ന ആറു ഋതുക്കളു മാണ് ഈ തിണയിലെ കാർഷിക സമൃദ്ധിക്കു നിദാനമായിട്ടുള്ളത്. അധഃസ്ഥിതരും പീഡിതരും ചൂഷിതരുമായ അടിസ്ഥാനവർഗ്ഗ-കാർ ഷിക സമൂഹമാണ് വർക്കിയുടെ കഥകളിലുള്ളത്. അതിൽ പുലയനും ഈഴവനും ക്രിസ്ത്യാനിയും നായരും ഉൾപ്പെടുന്നുണ്ട്. നെൽകൃഷിയോ ടൊപ്പം പ്രധാനമായി മരച്ചീനി, വാഴ, ചേന, ചേമ്പ്, തെങ്ങ്, കുരുമുളക് തുടങ്ങിയ കരകൃഷിയും വർക്കിക്കഥകളിലെ മരുതംതിണയെ നിർണ്ണയി ക്കുന്നുണ്ട്. ആചാരാനുഷ്ഠാന വിശ്വാസങ്ങളും ദൈവവിശ്വാസവും സാമു ദായികമായി വ്യത്യസ്തതകൾ പ്രകടിപ്പിച്ചുകൊണ്ടും സാംസ്കാരികമായി സമാനതകൾ വെളിവാക്കിക്കൊണ്ടുമാണ് പൊൻകുന്നം വർക്കിയുടെ കഥകളിൽ പ്രത്യക്ഷപ്പെടുന്നത്. അന്ധവിശ്വാസങ്ങളെയും യുക്തിരഹിത മായ ആചാരാനുഷ്ഠാനങ്ങളെയും മാനുഷിക വിരുദ്ധമായ മതമേധാവിത്ത ത്തെയും അധികാരപ്രമത്തമായ ഭരണവർഗ്ഗത്തെയും എതിർത്തു ചോദ്യം ചെയ്യുന്ന സന്ദർഭങ്ങൾ പൊൻകുന്നം വർക്കിയുടെ കഥകളിലെ കരു പ്പൊരുളിൽ പ്രധാനമാകുന്നുണ്ട്. അതിസാധാരണക്കാരായ, നാട്ടിൻപു റത്തുകാരായ കർഷക ജനതയുടെ ദൈന്യവും കാരുണ്യവും സ്നേഹവും പൊൻകുന്നം കഥകളിലെ ഉരിപ്പൊരുളിനെ സാക്ഷ്യപ്പെടുത്തുന്നു.

മരുതംതിണയുടെ പ്രത്യക്ഷാഖ്യാനംകൊണ്ടു ശ്രദ്ധേയമാകുന്ന ചില കഥകൾ, ഇനി പരിശോധിക്കാം. അച്ചൻകൊമ്പത്തേ, ചാത്തന്റെ മകൾ, ആ വാഴവെട്ട്, ശബ്ദിക്കുന്ന കലപ്പ തുടങ്ങിയ കഥകൾ ഇക്കൂട്ടത്തിൽ എടുത്തു പറയേണ്ടതാണ്. സാധാരണക്കാരനായ കറിയാമാപ്പിള എന്ന കൃഷിക്കാരനാണ് അച്ചൻകൊമ്പത്തേ എന്ന കഥയിലെ ആഖ്യാനകേ ന്ദ്രം. സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം കൃഷിഭൂമി വിറ്റ് കാളിയാർ റിസർ വ്വവനത്തിനടുത്ത് കുറഞ്ഞവിലയ്ക്ക് ഭൂമിവാങ്ങി കൃഷിചെയ്ത് മണ്ണ് പൊന്നാ ക്കുന്ന കൃഷിക്കാരനാണു കറിയാമാപ്പിള. മുല്ലനിലത്തോടു ചേർന്നു കിട ക്കുന്ന മരുതനിലമാണു വർക്കിയുടെ ജീവിതാധാരം. പുതിയതായി വാങ്ങിയ പുരയിടത്തിലെ മണ്ണുകണ്ടപ്പോൾ ആ കൃഷിക്കാരന്റെ

കൈകളിൽ കിക്കിളിയിളകി എന്നാണ് കഥാകൃത്ത് കുറിക്കുന്നത്. കറിയയുടെ മരുതനിലത്തെയും കൃഷിരീതികളെയും വിളസമൃദ്ധിയെയും കഥയിൽ ഒരിടത്ത് ഇങ്ങനെ ആഖ്യാനം ചെയ്തിരിക്കുന്നു. 'ആ പുരയിടം അയാൾ മോടിപിടിപ്പിച്ചു. ഏത്തവാഴ, ചേന, കാച്ചിൽ, ചേമ്പ്, പയർ, കപ്പ, നെല്ല്. ആ ഭൂമി അതിന്റെ മാറിൽ മനോഹരമായ മരതകപ്പട്ടണിഞ്ഞിരിക്കുന്നു. ഓരോ ചെടിയും വേണ്ടത്ര ഇലത്തഴപ്പോടു കൂടി ഇരുണ്ടുമുറ്റി നില്ക്കുയാണ്. ഇടയ്ക്കിടെ ഡയിഞ്ചർ കളറോടു കൂടിയ കൊമ്പൻ ചീനി ഫലഭാരത്താൽ തലകുനിക്കുന്നു. ഓരോ കപ്പയുടെയും കവട്ടയിൽ ആളുകൾക്കു വേണമെങ്കിൽ കയറിയിരിക്കാം. പച്ചനിറമുള്ള ഞെട്ടോടു കൂടിയ വെള്ളറൊട്ടി, രക്തവർണ്ണമുള്ള ചുണ്ടപ്പടർപ്പൻ, കട്ടുംചെമപ്പായ അരിയൻ, പെരുമാൾചെട്ടി പെൻസിലിന്റെ നിറമുള്ള കരിയിലവൻ ഇങ്ങനെ കിഴങ്ങു പിട്ടുത്തമുള്ള കപ്പയിനങ്ങൾ കൊണ്ട് ആ പുരയിടം അഹങ്കരിക്കുന്നു. ദാരിദ്ര്യത്തെ ഒഴിച്ചുപിടിക്കുന്ന സേനയുടെ കൊടിയടയാളം പോലെ ഇളംകാറ്റിൽ ആ ഇലത്തുമ്പുകൾ ആടി. അരിയന്റെ ഇലത്തട്ടിൽ തങ്ങി നിന്ന മഴത്തുള്ളികൾ അന്തിക്കതിരുകളുടെ തലോടലേറ്റ് പവിഴങ്ങൾ പോലെ പ്രകാശിച്ചു. ദുഃഖിതനായ ആ കർഷകനു സമ്മാനിക്കുവാൻ സസ്യദേവത കൊരുത്തുകൊണ്ടിരുന്ന രത്നഹാരമായിരുന്നു അവ' (പൊൻകുന്നംവർക്കിയുടെ കഥകൾ, പുറം 72 -73).

മലയോരകർഷകരുടെ ഭക്ഷണവിഭവങ്ങളിൽ, നെല്ലിനോളം പ്രധാനമാണ് കപ്പയും. വെള്ളറൊട്ടി, ചുണ്ടപ്പടർപ്പൻ, അരിയൻ, അരിയിലവൻ എന്നിങ്ങനെ കപ്പയിൽത്തന്നെ നിറവും രുചിയും കൊണ്ടു വ്യത്യസ്തമായ എത്രയോ ഇനങ്ങൾ ഗ്രാമീണ കേരളത്തിന് പ്രിയപ്പെട്ടതായിട്ടുണ്ട്. കറിയാമാപ്പിളയുടെ മരുതജീവിതത്തിന്റെ ഹരിതസുന്ദരമായ ചിത്രമാണ് വർക്കിയുടെ ആഖ്യാനകല അവതരിപ്പിക്കുന്നത്. കർഷകന്റെ ജിവിതം എവിടെയും കഷ്ടതകൾ നിറഞ്ഞതാണെന്ന യാഥാർത്ഥ്യവും വർക്കി ഈ കഥയിൽ ധ്വനിപ്പിക്കുന്നുണ്ട്. കറിയയുടെ ദാരുണമായ അന്ത്യം അതുവ്യക്തമാക്കുകയും ചെയ്യുന്നു. 'ആ വാഴവെട്ട്' എന്ന കഥയും 'അച്ചൻകൊമ്പത്തേ'യോട് ചേർത്തു വായിക്കാവുന്ന കഥയാണ്. വനഭൂമിയോടു ചേർന്നുകിടക്കുന്ന കൃഷിഭൂമിയാണ് ഇക്കഥയിലും മരുതമായി വരുന്നത്. ചേനയും വാഴയും കപ്പയും ചേമ്പും അടങ്ങുന്ന കരക്കൃഷിയാണ് മാർക്കോസിന്റെ ഉപജീവന മാർഗ്ഗം. പ്രകൃതിയും കാലാവസ്ഥയുമായി ഇണങ്ങിപ്പോകുന്ന കാർഷിക സംസ്കൃതിയാണ് ഈ കഥയുടെ കരുപ്പൊരുൾ. ഓരോ വിളയും എപ്പോൾ എങ്ങനെ നട്ടുവളർത്തണം എന്നതിന്റെ ഒരു വിവരണം തന്നെ മാർക്കോസിന്റെ ഭാഷയിൽ കഥാകാരൻ അവതരിപ്പിച്ചിട്ടുണ്ട്. ഒരു മാതൃക നോക്കുക —'ചേന കുംഭമാസത്തിൽ നട്ടാൽ കുടത്തോളം, മീനമാസത്തിലായാൽ

എങ്കണ്ണിനോളം മാത്രം. കുംഭമാസത്തിലെ വെളുത്ത വാവിൻനാൾ നട്ടുന്നതാണ് ഏറ്റവും നല്ലത്. എങ്കിൽ ആ ചേനയ്ക്ക് ചന്ദ്രനോളം തന്നെ മുഴപ്പുണ്ടായിരിക്കും'. ഇത്തരത്തിലുള്ള വിശ്വാസങ്ങളും കൃഷിരീതികളും അനുഭവത്തിൽ നിന്നും രൂപപ്പെടുത്തുന്ന പ്രാക്തന ജിവിതസംസ്കാരമാണ് പൊൻകുന്നം കഥകളിൽ കാണുന്നത്. കൃത്രിമമായ ശാസ്ത്രീയ കൃഷിവിജ്ഞാനം അനുഭവജ്ഞാനത്തിൽ അധിനിവേശിച്ച് കത്തിവെയ്ക്കുന്നതിന്റെ കാലവൈചിത്ര്യം ' ആ വാഴവെട്ട്' ധ്വനിസുന്ദരമായി അവതരിപ്പിക്കുന്നുണ്ട്.

പൊൻകുന്നം വർക്കിയുടെ ഏറെ പ്രസിദ്ധമായ 'ശബ്ദിക്കുന്ന കലപ്പ്' മരുതനില സംസ്കാരത്തിന്റെ ഏറ്റവും നല്ല മാതൃകയാകുന്നുണ്ട്. മനുഷ്യനും പ്രകൃതിയും മൃഗവും തമ്മിലുള്ള ആത്മബന്ധത്തിന്റെ ഏറ്റവും ശക്തമായ ആഖ്യാനമാതൃകയാണ് 'ശബ്ദിക്കുന്ന കലപ്പ്'. മരുതത്തിണയുടെ കരുപ്പൊരുളുകളെല്ലാം കഥയിൽ വായിച്ചെടുക്കാൻ പാകത്തിലാണ് ഔസേപ്പച്ചേട്ടന്റെ ജീവിതം കഥാകാരൻ ആവിഷ്കരിച്ചിട്ടുള്ളത്. വയലും നെൽകൃഷിയും കഥയിൽ പ്രധാനമാകുന്നു. കണ്ണൻ എന്ന കാളയോടുള്ള പിതൃനിർവ്വിശേഷമായ സ്നേഹവാത്സല്യങ്ങൾ മരുതത്തിന്റെ ആർദ്രഭൂമിയിൽ മാത്രം സംഗതമാകുന്ന ഉരിപ്പൊരുളാണ്. മറ്റൊരു തരത്തിൽ സങ്കല്പിച്ചെടുക്കാനാകാത്ത വിധം മണ്ണും പ്രകൃതിയും അധ്വാനവും ദുരിതവും പ്രത്യാശയും ഈ കഥയിൽ ഗ്രാമീണകാർഷിക സംസ്കാരത്തിന്റെ അടയാളങ്ങളാക്കിയിരിക്കുന്നു, പൊൻകുന്നം വർക്കി. 'കന്നുകാലി കൂട്ടിൽ പട്ടിണി കിടന്നാൽ വീടിന്റെ ഐശ്വര്യംകെട്ടുപോകു'മെന്ന വിശ്വാസവും കണ്ണനെപോലെ രണ്ടു കാളയും കുറച്ചു നിലവും ഒരു കലപ്പയും നുകവും ജീവിതത്തിന്റെ ഭാഗ്യമാണെന്ന കരുതലും ഔസേപ്പിന്റെ മരുതസംസ്കാരത്തിന്റെ സൂചകങ്ങളാണ്. 'എനിക്കു വീര്യമുള്ള കൊറച്ചു പച്ചമണ്ണു താ. മണ്ണിന്റെ മണം കിട്ടാനില്ലേൽ എന്റെ മനസ്സു പൊരിയും' എന്നുള്ള ഔസേപ്പിന്റെ ആകുലത, കച്ചവട മുതലാളിത്തത്തിന്റെ അധിനിവേശത്തിൽ തങ്ങളുടെ മരുതം വിട്ടുപോകേണ്ടിവരുന്ന ഏതൊരു കർഷകന്റെയും ആത്മവിലാപമായാണ് വർക്കി അവതരിപ്പിച്ചിട്ടുള്ളത്.

മരുതനിലജീവിതം പ്രധാനമാകുന്ന മറ്റൊരു കഥയാണ് 'ചാത്തന്റെ മകൾ'. ചാത്തനെന്ന പുലയ കർഷകനാണ് ഇവിടെ മരുതത്തിന്റെ നായകൻ. ഞാറുനട്ട്, കളപറിച്ച്, നെൽച്ചെടി വളർത്തി, കറ്റകൊയ്ത് തമ്പുരാക്കന്മാരുടെ അറകൾ നിറയ്ക്കുന്ന അധ്വാനം ചാത്തനു ജീവിതധർമ്മമാണ്. 'ചാത്തൻ തന്റെ ചുമവകവെയ്ക്കാതെ പിന്നെയും പലവട്ടം ഞാറുനട്ടു. കൊയ്തു. അവന്റെ തമ്പിരാന്റെ കളത്തിൻ ചെറിയ കുന്നുകൾ

പോലെ വീശിത്തെളിച്ച നെൽക്കുമ്പാരങ്ങൾ പിന്നെയും ഉയർന്നു. ഞാറുകൾ കൊണ്ടു മരതകപ്പട്ടണിഞ്ഞ് ആ പാടങ്ങൾ തെളിയുമ്പോൾ ചാത്തന്റെ മനസ്സ് അഭിമാനം കൊള്ളും' (പൊൻകുന്നംവർക്കിയുടെ കഥകൾ, പുറം 44) എന്നിങ്ങനെയാണ് ചാത്തന്റെ കൃഷിയോടുള്ള അഭിനിവേശത്തെ വർക്കി വിവരിക്കുന്നത്. സംഘകാല അകം കവിതകളിലെ മരുതനില സമൃദ്ധി വർണ്ണിക്കുന്ന സന്ദർഭങ്ങളെ അനുസ്മരിപ്പിക്കുന്നുണ്ട് കഥയിലെ ഇത്തരം വിവരണങ്ങൾ. ചാത്തൻ ഇടയ്ക്കിടെ പാടുന്ന പാട്ടിലും മരുത ജീവിതത്തിന്റെ തുടിപ്പുകളാണുള്ളത് -

'പകവാൻ ചീതേ തേരേക്കേറ്റുമ്പം
ഞാനെന്റെ ചിരുതേച്ചേരേക്കേറ്റും
പകവാൻ പാമ്പിന്റെ പല്ലടത്തീടുമ്പം
ഞാനെന്റെ ചേമ്പിന്റെ വിത്തടത്തീടും
പകവാൻ ചീതേ തോണീക്കേറ്റുമ്പം
ഞാനെന്റെ ചിരുതേ ഞാണേക്കേറ്റും'

മേലാളനും കീഴാളനും—തമ്പുരാനും അടിയാനും—തമ്മിലുള്ള ജീവിത വൈരുധ്യവും അന്തരവും ഭംഗ്യന്തരേണസൂചിപ്പിക്കാനും വർക്കിയുടെ കഥാഖ്യാനം ഇവിടെ ശ്രദ്ധിച്ചിട്ടുണ്ട്. വയലിനും കൃഷിക്കുംവേണ്ടി ജീവിക്കുന്ന ചാത്തൻ, മകളുടെ വിവാഹഭാവികൂടി മറന്നുകൊണ്ടാണ് കൃഷിഭൂമിയിൽ ജീവൻ ബലിയാക്കുന്നത്.

പൊൻകുന്നംവർക്കിയുടെ മരുതനിലം കഥകൾ മുതൽപ്പൊരുൾ, കരുപ്പൊരുൾ വിശദാംശങ്ങളിൽ തിണസിദ്ധാന്തത്തെ സാധൂകരിക്കുമ്പോൾ ഉരിപ്പൊരുൾ സങ്കല്പത്തിൽ വ്യത്യസ്തത പുലർത്തുന്നുണ്ട് എന്ന വസ്തുതയും ശ്രദ്ധിക്കേണ്ടതാണ്. മരുതനിലത്തിന്റെ ഭാവകേന്ദ്രമായി ഊടൽ അഥവാ ശൃംഗാരം/സൗന്ദര്യപ്പിണക്കം തൊൽക്കാപ്പിയം നിർദ്ദേശിക്കുന്നു. കാർഷിക വിളവിന്റെയും സമൃദ്ധിയുടെയും അനുഭവവേളയിൽ സ്വാഭാവികമായുണ്ടാകുന്ന ജീവിതോന്മേഷത്തെയും അനുരാഗ ചേഷ്ടകളെയുമാണ് സംഘകാലത്തെ മരുതം കവിതകൾ ഭാവത്തനിമയിൽ ആവിഷ്കരിച്ചിരുന്നത്. എന്നാൽ മലയാളത്തിലെ നവോത്ഥാനകാല കഥകളിൽ മരുതജീവിതം, ദുരിതങ്ങളുടെയും കഷ്ടപ്പാടുകളുടെയും ദാരിദ്ര്യത്തിന്റെയും ശോകാർദ്രഭാവങ്ങളുടെ ആവിഷ്കാരമായാണ് വരുന്നത്. കേരളത്തിലെ കാർഷിക മേഖലയിൽ 19, 20 നൂറ്റാണ്ടുകളിൽ നിലനിന്നിരുന്ന സാമ്പത്തിക രാഷ്ട്രീയ സാഹചര്യങ്ങളാണ് അതിനടിസ്ഥാനം എന്നു മനസ്സിലാക്കിയാൻ സംഘകാലത്തിൽനിന്നും നവോത്ഥാനകാലകഥകളിലേക്കെത്തുമ്പോൾ ഉരിപ്പൊരുളിൽവന്ന പരിണാമം സാധൂകരിക്കപ്പെടും